# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5298** — **05-07-2024 - ൽ മറുപടിയ്ക്ക്**

## കാർഷിക മൂല്യവർദ്ധന മേഖലയിൽ സംസ്ഥാനത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്താൻ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിൽ ഉല്പാദനത്തിന്റെ കാര്യത്തിൽ ഉണ്ടാക്കിയ മുന്നേറ്റം ഉല്പന്ന സംസ്കരണത്തിന്റെയും മൂല്യവർദ്ധനവിന്റെയും കാര്യത്തിൽ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **കാർഷിക മേഖലയിൽ ഉൽപ്പാദനത്തിന്റെ കാര്യത്തിൽ എന്ന പോലെ ഉൽപ്പന്ന സംസ്കരണത്തിന്റെയും മൂല്യ വർദ്ധനവിന്റെയും കാര്യത്തിലും മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഫാം പ്ലാൻ പദ്ധതി പ്രകാരം മൂല്യ വർദ്ധനവ് ഉൾപ്പെടെയുള്ള കാർഷിക പ്രവർത്തനങ്ങൾ ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള 100 എഫ്.പി.ഒ.കൾ ഉൾപ്പെടെയുള്ള മൂല്യവർധിത സംരംഭങ്ങൾക്കായി 157.93 ലക്ഷം രൂപയും "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതി പ്രകാരം രൂപീകരിച്ചിട്ടുള്ള കൃഷിക്കൂട്ടങ്ങളിൽ മൂല്യ വർധന മേഖലയിലെ 1000 കൃഷിക്കൂട്ടങ്ങൾക്കും സേവന മേഖലയിലെ 200 കൃഷിക്കൂട്ടങ്ങൾക്കും 50,000 രൂപ വീതവും 2023-24 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്തിട്ടുണ്ട്.**<br><br>**കൂടാതെ കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കർഷകർ/ കർഷകക്കൂട്ടായ്മകളുടെയും ഗുണമേൻമയുള്ള ഉത്പന്നങ്ങൾക്ക് രാജ്യവ്യാപകമായി വിപണി കണ്ടെത്തുന്നതിനും കൂടുതൽ ഉപഭോക്താക്കളിലേക്ക് കേരളത്തിലെ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനും അത് വഴി കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ഗുണമേന്മ ഉറപ്പാക്കി ഉത്പന്നങ്ങൾക്ക് "Keralagro" എന്ന പേരിൽ ബ്രാൻഡ് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വില ലഭ്യമാക്കുന്നതിനായി പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവ് ലക്ഷ്യമാക്കി കൃഷി വകുപ്പ് നടപ്പാക്കി വരുന്ന പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെന്റ് ആൻഡ് വാല്യൂ അഡിഷൻ പദ്ധതി എസ്.എഫ് .എ.ഡി മുഖേനെ സൂക്ഷ്മ - ചെറുകിട സംരംഭങ്ങൾക്കും എഫ്.പി.ഒ-കൾക്കുമായി 2023-24** |

| | | | |
|---|---|---|---|
| | | | **സാമ്പത്തിക വർഷത്തിൽ 569.12 ലക്ഷം രൂപ ടി പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.**<br><br>**ഫാം പ്ലാൻ പദ്ധതി പ്രകാരം മൂല്യ വർദ്ധനവ് ഉൾപ്പെടെയുള്ള കാർഷിക പ്രവർത്തനങ്ങൾ ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള 100 എഫ്.പി.ഒ കൾ ഉൾപ്പടെയുള്ള മൂല്യവർധിത സംരംഭങ്ങൾക്കായി 157.93 ലക്ഷം രൂപയും "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതി പ്രകാരം രൂപീകരിച്ചിട്ടുള്ള കൃഷിക്കൂട്ടങ്ങളിൽ മൂല്യ വർധന മേഖലയിലെ 1000 കൃഷിക്കൂട്ടങ്ങൾക്കും സേവന മേഖലയിൽ 200 കൃഷിക്കൂട്ടങ്ങൾക്കും 50,000രൂപ വീതവും 2023-24 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്തിട്ടുണ്ട്.** |
| (ബി) | മൂല്യവർദ്ധന മേഖലയിൽ സംസ്ഥാനത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്താൻ ഉതകുന്ന പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ടോ; ഇതിനായി പ്രത്യേക മിഷന് രൂപം നൽകിയിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | **കാർഷിക ഉൽപ്പന്നങ്ങളെ മൂല്യ വർധിത ഉല്പന്നങ്ങളാക്കി മാറ്റുക, കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക, ഉൽപന്ന സംഭരണം, ഉൽപ്പന്നങ്ങളുടെ വില, മൂല്യ വർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുക എന്നീ ലക്ഷ്യങ്ങളോടെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. പ്രാഥമിക കാർഷിക ഉൽപ്പന്നങ്ങളുടെ, ഉത്പാദന / നിർമ്മാണ പ്രക്രിയകൾ വിപണനം / സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉൽപ്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം വയ്ക്കുന്നത്. ഈ ലക്ഷ്യത്തോടെ മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.**<br><br>**സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി കേരള അഗ്രോബിസിനസ് കമ്പനി (കാബ്കോ) രൂപീകരിച്ചിട്ടുണ്ട്. കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) വഴി കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും സംസ്കരണത്തിനും താഴെപറയുന്ന പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്.**<br><br>**1. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പൊതു ബ്രാൻഡിംഗ് സംവിധാനത്തിലൂടെ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം വഴി വിപണനം ചെയ്യുന്നതിന് വഴിയൊരുക്കുക.**<br><br>**2. മൂല്യവർദ്ധനവും സംസ്കരണവും വഴി ഉണ്ടാക്കുന്ന കാർഷികോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ കഴിയുന്ന ദേശീയ/അന്തർദേശീയ തലത്തിലുള്ള വിപണികളെ കണ്ടെത്താൻ സഹായിക്കുക.** |

| | | | |
|---|---|---|---|
| | | | **3. കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും സംസ്കരണത്തിനും ഊന്നൽ നൽകുന്നതിനായി അഗ്രിപാർക്കുകൾ, അഗ്രി ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവ സ്ഥാപിക്കുക.**<br><br>**4. കാർഷികോൽപ്പാദനത്തെ അടിസ്ഥാനമാക്കി വിപണി കണ്ടെത്തുന്നതിനായി നിലവിലെ കാർഷിക മൊത്ത വ്യാപാര വിപണികളെ പരമാവധി നവീകരിക്കുകയും സംസ്കരണ വിപണനത്തിന് സജ്ജീകരിക്കുകയും ചെയുക.** |
| (സി) | എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടന്നുവരുന്നത്; വിശദമാക്കാമോ? | (സി) | **ഉൽപന്നങ്ങൾക്ക് ഉറപ്പായ വിപണി സൃഷ്ടിക്കുന്നതിനും ബ്രാൻഡ് വികസിപ്പിക്കുന്നതിനും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾക്ക് പ്രസക്തമായ സർട്ടിഫിക്കേഷനുകൾ നേടുന്നതിനായി അനുബന്ധ മേഖലകളിലെ വിദഗ്ധരുമായി സെമിനാറുകൾ പ്രദർശനങ്ങൾ, ബ്രെയിൻ സ്റ്റോമിങ് വർക്ക് ഷോപ്പുകൾ എന്നിവ നടത്തി കൃഷിയെയും കൃഷിക്കാരെയും പിന്തുണയ്ക്കുന്നതിന് മൂല്യ വർദ്ധിത കാർഷിക മിഷൻ (Value Added Agriculture Mission VAAM) ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. കൂടാതെ ആഭ്യന്തര അന്തർദേശീയ വ്യാപാരവും കയറ്റുമതിയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിച്ച് വരുന്നു.** |

സെക്ഷൻ ഓഫീസർ